# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.10 /1932/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം

വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.10 /1932/2024

തീയ്യതി: 24/12/2024

## തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന

അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2024 | 09-12-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2024 | 09-12-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിന്ദു ഒ, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സജേഷ് ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ദേവിക പി, ഓഡിറ്റർ
ശ്രീ. മഹേഷ് കെ.ബി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ആർ. അനിൽ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. അജില .യു.എസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അൻസർ .എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി. ദീപ .ഡി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. അനശ്വര .ആർ.എസ് | കൃഷി ഓഫീസർ | 01-04-2023 | 28-11-2023 |
| ശ്രീമതി. സോണിയ .വി | കൃഷി ഓഫീസർ | 28-11-2023 | 31-03-2024 |
| ഡോ. ചിന്നു ആൻ സ്റ്റീഫൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ. ജിഷ .വി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. അശ്വതി .എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ. അഭിലാഷ് .ആർ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. സിമി .എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. ബീന .എ | ഹെഡ്മിസ്ട്രസ്സ് (ഗവ. എൽ.പി.എസ്. മാതശേരിക്കോണം) | 01-04-2023 | 31-03-2024 |
| ശ്രീ. നൗഫൽ .എ | വി.ഇ.ഒ. സർക്കിൾ II | 01-04-2023 | 29-07-2023 |
| ശ്രീ. വിഷ്ണു പ്രസാദ് .എ | വി.ഇ.ഒ. സർക്കിൾ II | 29-07-2023 | 31-03-2024 |
| ശ്രീ. മഹേഷ് .എം.എസ് | വി.ഇ.ഒ. സർക്കിൾ I | 01-04-2023 | 08-08-2023 |
| ശ്രീമതി. ആതിര .എൽ | വി.ഇ.ഒ. സർക്കിൾ I | 08-08-2023 | 31-03-2024 |
| ശ്രീമതി. ഗീതുമോൾ .വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 13-07-2023 |
| ശ്രീമതി. സുമ .എസ്.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-07-2023 | 31-03-2024 |
| ശ്രീമതി. സരിത വിജയൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (ചാർജ്) | 01-04-2023 | 23-11-2023 |
| ശ്രീ. ശ്രീനാഥ് .റ്റി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 23-11-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി നിർണയിച്ച ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | അക്രൂവൽ വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-5 |
| 7 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | തൊഴിലുറപ്പ് ഫണ്ടിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സ്ഥിര നിക്ഷേപം: വാർഷിക കണക്കിലെയും ബാങ്കിലെ തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകം | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടുകളുടെ വിവരം ലഭ്യമാക്കിയില്ല | 1-1-10 |
| 12 | Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകം | 1-1-11 |

| | | |
|---|---|---|
| 13 | വിവിധ ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് | 1-1-12 |
| 14 | ഫണ്ടുകളുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വസ്തു നികുതി മുൻകൂർ വരവുകൾ ക്രമീകരിച്ചില്ല | 1-1-14 |
| 16 | ആസ്തികൾ രേഖപ്പെടുത്തുന്നതിൽ അപാകം | 1-1-15 |
| 17 | ഡിപ്പോസിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. | 1-1-16 |
| 18 | വരവ് തുകകൾ അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല | 1-1-17 |
| 19 | ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുകൾ റവന്യു ഹെഡിൽ രേഖപ്പെടുത്തുന്നു | 1-1-18 |
| 20 | സി.എഫ്.സി ഫണ്ടുകളുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | Out Door Collection Control അക്കൗണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | Liability In Respect Of Stale Cheques തുകകളുടെ വിവരം ലഭ്യമാക്കിയില്ല | 1-1-21 |
| 23 | വസ്തു നികുതി തുകകൾ പൊരുത്തപ്പെടുന്നല്ല | 1-1-22 |
| 24 | കുടിശ്ശിക തുക ബാലൻസ്ഷീറ്റിൽ നിന്നും നീക്കം ചെയ്തതിൽ അപാകം | 1-1-23 |
| 25 | വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-24 |
| 26 | വാർഷിക ധനകാര്യ പത്രിക-മറ്റ് അപാകങ്ങൾ | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | സാമ്പത്തിക വിശകലനം | 1-3 |
| 29 | ഗ്രാന്റ് വിനിയോഗം - മറ്റ് അപാകങ്ങൾ | 1-4-1 |

| | | |
|---|---|---|
| 30 | ഗ്രാന്റ് വിനിയോഗം | 1-4 |
| 31 | പദ്ധതി അവലോകനം | 1-5 |
| 32 | ക്ഷേമപദ്ധതികൾ | 1-6 |
| 33 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 34 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-9-1 |
| 36 | നഴ്സറി നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-9-2 |
| 37 | മഹാത്മ എസ്.എച്ച്.ജി.ക്കായി സ്വകാര്യ ഭൂമിയിലെ വർക്ക് ഷെഡ് നിർമ്മാണം - കരാർ ചമച്ചില്ല / യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല – ചെലവ് തുക 3,65,742/- രൂപ തടസ്സം ചെയ്യുന്നു. | 1-9-3 |
| 38 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 39 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 40 | റേഷൻകടകൾക്ക് -ലൈസൻസ് നൽകിയിട്ടില്ല. | 1-11-1 |
| 41 | യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർഫീസ് ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിട്ടില്ല | 1-11-2 |
| 42 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല | 1-11-3 |
| 43 | FTE & OS ലൈസൻസ് | 1-11 |
| 44 | വളർത്തു നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. | 1-12 |
| 45 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രി- രജിസ്ട്രേഷൻ നൽകിയിട്ടില്ല. | 1-13 |
| 46 | തനത് വരുമാന വർദ്ധനവ് | 1-14 |
| 47 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 1-15-1 |

| | | |
|---|---|---|
| 48 | പരിഷ്കരിച്ച വസ്തു നികുതി നിരക്ക് ഈടാക്കിയില്ല | 1-15-2 |
| 49 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്തില്ല | 1-15-3 |
| 50 | വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി നികുതി ഈടാക്കുന്നു | 1-15-4 |
| 51 | വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തില്ല | 1-15-5 |
| 52 | വസ്തുനികുതി- അപാകങ്ങൾ | 1-15 |
| 53 | മുൻ വർഷത്തെക്കാളും കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി. | 1-16 |
| 54 | തൊഴിൽ നികുതി-അപാകങ്ങൾ | 1-17 |
| 55 | തനത് ഫണ്ട് ചെലവ് - വിശദാംശം ലഭ്യമല്ല -ചെലവ് തുക (85,000/-)തടസ്സം ചെയ്യുന്നു | 1-18 |
| 56 | കറവപശു വളർത്തൽ (ജനറൽ)- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 57 | ലൈഫ് ഭവന പദ്ധതി -ജനറൽ-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല -തുടർനടപടികൾ സ്വീകരിക്കണം | 1-20 |
| 58 | ലൈഫ് ഭവന പദ്ധതി -എസ് സി പി-നിർമ്മാണം പൂർത്തിയാക്കാത്തത് -തുടർനടപടികൾ സ്വീകരിക്കണം | 1-21 |
| 59 | കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 9,63,924/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 60 | വാട്ടർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പൂർത്തിയാകുന്നതിൽ കാലതാമസം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 1,34,54,502/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |

| | | |
|---|---|---|
| 61 | നഗരസഞ്ചയം പദ്ധതി - മെറ്റീരിയൽ കമ്പോണന്റിന് അധികമായി നൽകിയ തുക ഓഡിറ്റ് അന്വേഷണത്തെതുടർന്ന് തിരികെ അടച്ചു. | 1-24 |
| 62 | പാഥേയം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 3,19,680/- രൂപ തടസപ്പെടുത്തുന്നു. | 1-25 |
| 63 | അതിദാരിദ്ര്യ നിർമ്മാർജ്ജനം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-26 |
| 64 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ | 1-27 |
| 65 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-28 |
| 66 | റോഡ് റെസ്റ്റോറേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-29 |
| 67 | ഇൻഷുറൻസ് പോളിസി ഇല്ലാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. | 1-30 |
| 68 | പ്രവൃത്തി പൂർത്തീകരണം - വൈകിയ കാലയളവിന്റെ പിഴ - തുക ഈടാക്കിയിട്ടില്ല. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (എൻക്വയറി നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.05.2024 തീയതിയിലെ 6(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം മുൻ വർഷങ്ങളിലെ സ്റ്റോക്ക് മൂല്യം (1,32,098) ആണ് തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (എൻക്വയറി നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

Cash Flow Statement –ൽ “Net Cash Generated Grand Total” തുകയും (3,10,85,093) " Net Increase / (Decrease) In Cash And Cash Equivalents – തുകയുമായി (89,99,279) പൊരുത്തപ്പെടുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (എൻക്വയറി നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-4 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി നിർണയിച്ച ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ആകെ വരുമാനവും ചെലവും ഉൾപ്പെടെ തൻവർഷം വരെയുള്ള സാമ്പത്തിക സ്ഥിതി (പഞ്ചായത്ത് ജനറൽ ഫണ്ട്) നിർണയിച്ച ബി-1 ഡീറ്റെയിൽഡ് ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-5 അക്രൂവൽ വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി

മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2024 |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-6 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം മാത്രമാണ് ഇപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-7 തൊഴിലുറപ്പ് ഫണ്ടിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതി (MGNREGA) ലെഡ്ജർ പ്രകാരമുള്ള ഫണ്ടിന്റെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | യഥാർത്ഥ നീക്കിയിരിപ്പ് | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 7,518 | 20,09,065 | 20,16,583 | 20,10,513 | 6,070* | 70 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-8 സ്ഥിര നിക്ഷേപം: വാർഷിക കണക്കിലെയും ബാങ്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

കേരള ഗ്രാമീൺ ബാങ്ക് FD No. 1057521 (അക്കൗണ്ട് നം. 40390142000047) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപം 7,84,252 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ Investment- Fixed Deposits ഹെഡിൽ ഉൾപ്പെട്ട തുക 8,68,559 രൂപയാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം.17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-9 ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകം

ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ വിവിധ ഹെഡുകളിലായി ആസ്തികൾക്ക് Accumulated Depreciation രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡുകളിലെ Depreciation ഏത് ഹെഡിലുൾപ്പെട്ട ആസ്തിയുടേതാണെന്ന് വ്യക്തമല്ല. കൂടാതെ താഴെപ്പറയുന്ന ഇനങ്ങൾക്ക് 2023-24 വർഷം ഇൻകം & എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2022-23 വർഷം വരെയുള്ള ACCUMULATED DEPRECIATION ആണ് 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം |
|---|---|
| 416100102 | Accumulated Depreciation - Roads And Bridges |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation – Plant And Machinery |

| | |
|---|---|
| 416100110 | Accumulated Depreciation - Other Fixed Assets |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-1-10 ബാങ്ക് അക്കൗണ്ടുകളുടെ വിവരം ലഭ്യമാക്കിയില്ല

ILGMS റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട KGB OWN FUND UPI-511-40390111000511 എന്ന ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ് മെന്റ് /പാസ്ബുക്ക് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ഹെഡ് കോഡ് | അക്കൗണ്ട് | തുക |
|---|---|---|
| 450240128 | SBI- (41616884305) | 20,850.00 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-11 Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകം

Income & Expenditure Statement Abstract Report ൽ Gross Surplus/(deficit) Of Income Over Expenditure After Prior Period Items എന്നത് കണക്കാക്കിയതിൽ Prior Period Income And Expenditure തുകകളുടെ Net Difference ആയി 2,39,882 രൂപ എന്നതിന് പകരം -Ve 2,39,882 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ Gross Surplus Of Income Over Expenditure തുകയിൽ 4,79,764 രൂപയുടെ കറവും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-12 വിവിധ ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ്

വിവിധ ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസ റീകൺസീലിയേഷൻ നടപ്പാക്കിയിട്ടില്ല. കൂടാതെ വിവിധ ബാങ്ക് ബുക്കുകളിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് തുകകൾ

രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ഹെഡ് കോഡ് 450250025-CANARA (110158817548) അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 28.02.2024 മുതൽ 30.03.2024 നീക്കിയിരിപ്പ് നെഗറ്റീവ് ആണ് (ക്രഡിറ്റ് ബാലൻസ്). മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-13 ഫണ്ടുകളുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-4) പ്രകാരം വിവിധ സ്പെസിഫിക്ക് ഫണ്ടുകളുടെയും ഗ്രാന്റുകളുടെയും നീക്കിയിരിപ്പ് 2,74,49,683 രൂപയാണ്. എന്നാൽ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ Cash And Bank Balance തുക 2,70,75,554 രൂപ മാത്രമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-14 വസ്തു നികുതി മുൻകൂർ വരവുകൾ ക്രമീകരിച്ചില്ല

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള താഴെപ്പറയുന്ന വസ്തു നികുതി മുൻകൂർ വരവ് തുകകൾ, 2023-24 വർഷത്തെ വരുമാന ഹെഡിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350410101 | Advance Collection Of Revenues – Propery Tax On Buildings | 1,316.00 |
| 350410104 | Advance Collection Of Revenues - Property Tax On Non-Residential Buildings | 14.00 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-15 ആസ്തികൾ രേഖപ്പെടുത്തുന്നതിൽ അപാകം

MNREGS ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികൾ രേഖപ്പെടുത്തുന്നതിന് ILGMS ൽ ഹെഡുകൾ ലഭ്യമാണ്. എന്നാൽ പ്രസ്തുത ആസ്തികൾ റവന്യൂ ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ Development Fund, Finance Commission Grant, Maintenanace Grant തുടങ്ങിയ ഓരോ ഫണ്ടുകളുടെയും Capital Contribution രേഖപ്പെടുത്തുന്നതിന് ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ

ഹെഡുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ചിട്ടുള്ള അതത് ഹെഡുകളിൽ Capital Contribution തുക രേഖപ്പെടുത്താതെ ഹെഡ് കോഡ് 312109901 - Capital Contribution എന്ന പൊതുവായ ഹെഡിലാണ് തുക ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-16 ഡിപ്പോസിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

ഡിപ്പോസിറ്റ് പ്രവൃത്തികളുടെയും വിവിധ ഋണശീർഷ വരവുകളുടെയും വിവരങ്ങൾ ഉൾപ്പെട്ട ഡിപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട ഡിപ്പോസിറ്റുകളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-17 വരവ് തുകകൾ അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വരവ് തുകകൾ അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണം പ്രത്യേക ഹെഡ് കോഡ് അനുവദിച്ചിട്ടുള്ള ഡവലപ്പ്മെന്റ് പെർമിറ്റിനായി ലഭിച്ച തുക (Rs. 30,000 Vr No. 1230200345 Dtd. 08.09.2023) ഹെഡ് കോഡ് 140400199 - OTHER FEES എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 17/05.12.2024). മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-1-18 ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുകൾ റവന്യൂ ഹെഡിൽ രേഖപ്പെടുത്തുന്നു

ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് നം. 192/24 ഗവ സ്കൂളുകൾക്ക് മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 23,992 രൂപ റവന്യൂ ഹെഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-19 സി.എഫ്.സി ഫണ്ടുകളുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഫണ്ടിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | ബാലൻസ് ഷീറ്റ് (B-14 ഷെഡ്യൂൾ) പ്രകാരം | | ബാങ്ക് ബുക്ക് പ്രകാരം (B-17 ഷെഡ്യൂൾ- Canara Bank -110045360455) |
|---|---|---|---|
| സി.എഫ്.സി | ബേസിക് ഗ്രാന്റ് | 42,07,129 | **28,05,500** |
| | ടൈഡ് ഗ്രാന്റ് | 79,89,834 | |
| | **ആകെ** | **1,21,96,963** | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-20 Out Door Collection Control അക്കൗണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല

ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് ഹെഡ് കോഡ് 431910201 Out Door Collection Control Account എന്ന ഹെഡിൽ 2023-24 വർഷത്തെ മുന്നിരിപ്പായും നീക്കിരിപ്പായും -Ve 878 രൂപ കാണപ്പെടുന്നു. എന്നാൽ പ്രസ്തുത തുകകൾ 2022-23, 2023-24 വർഷങ്ങളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. Out Door Collection Control Account ലെ തുകകൾ ക്രമീകരിക്കാതെ മുന്നിരിപ്പായും നീക്കിയിരിപ്പായും ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (എൻക്വയറി നം. 17/05.12.2024). അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-21 Liability In Respect Of Stale Cheques തുകകളുടെ വിവരം ലഭ്യമാക്കിയില്ല

ഹെഡ് കോഡ് 350800101-liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ 76,001 രൂപ മുന്നിരിപ്പായും നീക്കിയിരിപ്പായും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ലെഡ്ജറിൽ ഫണ്ട്, ചെക്ക് വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-22 വസ്തു നികുതി തുകകൾ പൊരുത്തപ്പെടുന്നല്ല

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 15,03,428 | 15,04,494 | 14,32,239 | 14,32,240 | 67,273 | 68,344 |
| Property Tax On Non Residential Building-Current | 8,48,365 | 8,48,365 | 8,30,470 | 8,30,470 | 18,789 | 21,091 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-23 കുടിശ്ശിക തുക ബാലൻസ് ഷീറ്റിൽ നിന്നും നീക്കം ചെയ്തതിൽ അപാകം

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം Receivable Towards Market Receipts (Current) ഇനത്തിൽ 67,880 രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. എന്നാൽ തൻവർഷം Prior Period

Income ഹെഡിൽ ഉൾപ്പെടുത്തി പ്രസ്തുത തുക കുടിശ്ശികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-24 വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

Take A Break വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട് പേയ്മെന്റ് ഓർഡർ 62340021200450/08.09.2023 പ്രകാരം 24,000 രൂപ തനത് ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ മുൻകൂറായി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത മേൽ ചെലവ് 2023-24 വർഷത്തെ ബാലൻസ്ഷീറ്റിൽ ഡിപ്പോസിറ്റ് ഹെഡിൽ ഉൾപ്പെട്ടിട്ടില്ല (Advance To Implementing Agencies - Deposit With Kerala Water Authority). മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-25 വാർഷിക ധനകാര്യ പത്രിക-മറ്റ് അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ഈടാക്കിയ ജി.എസ്.ടി ടി.ഡി.എസ് ഉൾപ്പെടെയുള്ള വിവിധ തുകകൾ സമയബന്ധിതമായി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടില്ല. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ 2023-24 വർഷവും ഒടുക്കിയിട്ടില്ല. ഉദാഹരണം

| ഹെഡ് കോഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരം | തൻവർഷം ഈടാക്കിയ തുക | തൻവർഷംഒടുക്ക് വരുത്തിയ തുക | 2023-24 ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|---|---|
| 350200207 | RECOVERIES PAYABLE - GOODS AND SERVICES TAX (CGST) | 50,515 | 22,697 | 39,361 | 33,851 |

| | | | | | |
|---|---|---|---|---|---|
| 350200208 | RECOVERIES PAYABLE - GOODS AND SERVICES TAX (SGST) | 50,156 | 22,697 | 39,002 | 33,851 |
| 350300106 | Government And Other Dues Payable - Revenue Recovery | 59,720 | 0 | 0 | 59,720 |
| 350300199 | Government And Other Dues Payable - Others | 37,000 | 1,250 | 0 | 38,250 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 17/05.12.2024). അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| **അംഗീകരിച്ച തീയതി** | 24.03.2023 | 25.01.2024 |
| **ഭരണസമിതി തീരുമാനം** | 1(1) | 1/1 |
| **മുന്നിരിപ്പ്** | 14,36,895 | 14,36,895 |
| **പ്രതീക്ഷിത വരവ്** | 58,19,68,300 | 61,24,27,406 |
| **ആകെ** | 58,34,05,195 | 61,38,64,301 |
| **പ്രതീക്ഷിത ചെലവ്** | 58,07,30,300 | 61,35,19,460 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 26,74,895 | 3,44,841 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,80,76,275 |
| വരവ് | 6,15,36,863 |
| ആകെ | 7,96,13,138 |
| ചെലവ് | 5,25,37,584 |
| നീക്കിയിരിപ്പ് | 2,70,75,554 |

## 1-4-1 ഗ്രാന്റ് വിനിയോഗം - മറ്റ് അപാകങ്ങൾ

1) ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 64,45,060 | 42,01,881 | 65.2 |
| | പട്ടിക ജാതി | 9,60,000 | 6,65,400 | 69.31 |
| സേവനം | പൊതുവിഭാഗം | 5,86,99,988 | 95,62,689 | 16.29 |
| | പട്ടിക ജാതി | 4,62,72,017 | 1,33,41,989 | 28.83 |
| പശ്ചാത്തലം | പൊതുവിഭാഗം | 2,05,12,366 | 79,64,517 | 38.83 |
| | പട്ടിക ജാതി | 29,00,000 | 0 | - |

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമ ഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം

വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകകൾ പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|
| വനിത ഘടക പദ്ധതി | 39,60,548 | 23,98,804 | 60.57 |
| കുട്ടികൾ | 9,32,760 | 1,39,490 | 14.95 |
| വൃദ്ധർ | 28,69,062 | 16,35,067 | 56.99 |
| ഭിന്നശേഷിയുള്ളവർ | 6,75,000 | 59,309 | 8.79 |

3) ഗ്രാമപഞ്ചായത്തിന് മുൻവർഷങ്ങളിൽ ഉൾപ്പടെ ലഭിച്ച താഴെപ്പറയുന്ന വിവിധ ഗ്രാന്റുകൾ 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2023-24 വർഷത്തെ നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 320100181 | Total Sanitation Campaign | 22,55,581.00 |
| 320100191 | Nirmal Puraskar | 22,947.00 |
| 320100999 | Other Liabilities | 41,307.00 |
| 320400101 | Grants, Funds & Contributions For Specific Purposes - Financial Institutions- Nabard Assistance | 19,976.00 |

4) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ ധന., തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 26.05.2022 ലെ 41/2022/ഫിൻ നമ്പർ സർക്കുലർ പ്രകാരം 2022-23 വർഷം മുതൽ അലോട്ട്മെന്റ് രീതി പുനസ്ഥാപിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷൻ മുഖേനയും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2023-24 വർഷത്തെ നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320700102 | Contributions For Joint Venture Projects (For Capital Expenditure) -From Municipal Corporations | 37,37,070.00 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 920.00 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 43,200.00 |

5) ബാലൻസ് ഷീറ്റ് പ്രകാരം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ

അനുവദിച്ച തുകകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 460500201 | Advance To Implementing Agencies - Deposit With Kerala Water Authority | 1,34,54,502.00 |
| 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | 20,22,306.00 |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി നം. 18/05.12.2024 ന് ലഭിച്ച മറുപടി). അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| Fund/Grant | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | **0** | 1,79,78,307 | 1,57,39,710 | 22,38,597 |
| വികസനഫണ്ട് (എസ്.സി.പി) | **0** | 1,33,27,645 | 98,11,389 | 35,16,256 |
| വികസനഫണ്ട് (ടി.എസ്.പി) | **0** | **0** | **0** | **0** |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | **0** | 26,98,000 | 15,98,313 | 10,99,687 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | **0** | 38,24,952 | 35,47,845 | 2,77,107 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | **0** | 43,87,400 | 40,70,822 | 3,16,578 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | **0** | 42,51,958 | 28,39,431 | 14,12,527 |
| കേന്ദ്രാവിഷ്കൃത | **0** | 0 | 12,00,826 | -12,00,826 |

| | | | | |
|---|---|---|---|---|
| ഫണ്ട്(സി.എസ്.എസ്) | | | | |
| സംസ്ഥാനവിഷ്കൃത ഫണ്ട്(എസ്.എസ്.എസ്) | **0** | 0 | 20,40,000 | -20,40,000 |

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടാറുണ്ട്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി Tied & Untied) മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല.

3) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

4) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഴ്സ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

5) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 22,33,010 | 15,56,260 | 69.69 |
| വെറ്റിനറി സർജൻ | 8 | 7 | 1 | 32,45,000 | 22,68,758 | 69.92 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 15 | 14 | 1 | 56,44,019 | 40,02,512 | 70.92 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 3,00,000 | 3,00,000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 0 | 8,50,000 | 8,50,000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 7 | 6 | 1 | 5,81,05,000 | 1,32,15,000 | 22.74 |
| വില്ലേജ് | 21 | 13 | 8 | 1,01,52,582 | 30,73,393 | 30.27 |

| | | | | | | |
|---|---|---|---|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ 2 | | | | | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 10 | 7 | 78,64,958 | 38,70,850 | 49.22 |
| സെക്രട്ടറി | 38 | 25 | 13 | 1,36,18,006 | 97,90,722 | 71.89 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 56 | 24 | 32 | 2,81,55,944 | 76,10,509 | 27.02 |
| ഹെഡ് മാസ്റ്റർ | 6 | 4 | 2 | 15,05,000 | 3,20,557 | 21.29 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 13,42,050 | 10,44,310 | 77.81 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 7 | 7 | 27,33,862 | 9,26,380 | 33.89 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 0 | 40,000 | 16,000 | 40 |

**ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 2,69,28,841 | 1,57,39,710 | 58.45 |
| എസ്.സി.പി. | 1,75,07,017 | 98,11,389 | 56.04 |
| ധനകാര്യ കമ്മിഷൻ  അവാർഡ് | 1,47,62,787 | 51,46,158 | 34.86 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 50,87,685 | 12,00,826 | 23.60 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,20,20,000 | 20,40,000 | 6.37 |
| തനത് ഫണ്ട് | 28,14,054 | 11,73,252 | 41.69 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 1,03,46,740 | 57,23,650 | 55.32 |

| | | | |
|---|---|---|---|
| മറ്റ് ജില്ലാ പഞ്ചായത്ത് | 73,70,070 | 2,80,050 | 3.79 |
| മെയിന്റനൻസ് റോഡ് | 76,12,275 | 28,39,431 | 37.3 |
| മെയിന്റനൻസ് റോഡിതരം | 69,44,943 | 40,70,822 | 58.62 |
| മറ്റുള്ളവ | 7,02,24,345 | 1,99,62,145 | 28.43 |

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം ആസൂത്രണസമിതി നമ്പർ തീരുമാനപ്രകാരം പുന:സംഘടിപ്പിക്കേണ്ടതുണ്ട് എന്നാൽ ആസൂത്രണസമിതി പുനസംഘടിപ്പിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്തിട്ടില്ല.

മാർഗ്ഗരേഖ 3.4.1.8, 8(എ)), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും വായ്പകൾ ഒന്നും ലഭ്യമായിട്ടില്ല.

മാർഗ്ഗരേഖ 3.5.6.3 (എ)) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5,09,200 | 42 |
| വിധവാപെൻഷൻ | 1,82,56,300 | 1782 |
| വാർദ്ധക്യകാല പെൻഷൻ | 3,43,41,100 | 3378 |
| വികലാംഗ പെൻഷൻ | 48,68,700 | 435 |
| അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 2,89,400 | 32 |
| വിവാഹ ധനസഹായം | 60,000 | 2 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2024 ന് 2.15 PM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,128/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ സെക്ഷനുകളുടെ ജോലി വിഭജനം നിർവ്വഹിച്ച് ചുമതലകൾ ഓഫീസ് ഓർഡർ വഴി ക്രമീകരിച്ച് നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

2) മിനിട്സുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും ജനറൽ കമ്മിറ്റി മിനിട്സ് 3 ദിവസത്തിനുള്ളിൽ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതി യോഗം ചേരുന്നതിനും മിനിട്സ് രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
5) വിവിധ വാങ്ങലുകൾ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-9-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 5/04.12.2024-ന് ലഭിച്ച മറുപടി അടിസ്ഥാനമാക്കി)

| ഇനം | നടപ്പിലാക്കിയവയുടെ എണ്ണം |
|---|---|
| കോഴിക്കൂട് നിർമ്മാണം | 5 |
| ഫാം പോണ്ട് നിർമ്മാണം | - |
| കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 7 |
| ആട്ടിൻകൂട് നിർമ്മാണം | 16 |
| സോക്ക് പിറ്റ് നിർമ്മാണം | 72 |
| അസോള ടാങ്ക് നിർമ്മാണം | - |

| | |
|---|---|
| തോട് പുനരുദ്ധാരണം | 9 |
| ഫലവൃക്ഷതൈ ഉല്പാദനവും പരിപാലനവും നഴ്സറി നിർമ്മാണം | 1 |
| കല്ല് കയ്യാല, തട്ട് തിരിക്കൽ, മഴക്കുഴി നിർമ്മാണം | 2000 |
| ലൈഫ് ഭവന പദ്ധതി | 89 |
| തീറ്റപുൽകൃഷി | 1 |
| കിണർ നിർമ്മാണം | 22 |
| ആകെ | 2222 |

**2.**

| മെറ്റീരിയൽവർക്ക് 2023-24 വർഷം നിർവ്വഹിച്ചവയുടെ എണ്ണം | മെറ്റീരിയൽവർക്ക് 2023-24 വർഷം പൂർത്തിയാക്കിയവയുടെ എണ്ണം | ആകെ ചെലവ് തുക | ലഭ്യമായ തുക | ലഭിക്കാനവ ശേഷിക്കുന്ന തുക |
|---|---|---|---|---|
| 3 | 1 | 5,69,593.53 | 5,69,593.53 | - |

## 1-9-2 നഴ്സറി നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി, സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് മുഖേന ലഭ്യമാകുന്ന വിത്ത് ഉപയോഗിച്ച് 2000 മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് തൈ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ Nursery Raising- Ward 2- Kannukalivanam (DP/350297) പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.20/6.12.24)

1. നഴ്സറി തയ്യാറാക്കിയ സ്ഥലത്തിന്റെ വിശദാംശം ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/06.12.24-ന് മറുപടിയായി ശ്രീ. നവാസ്, അണ്ടൂർകോണം എന്ന വ്യക്തിയുടെ സ്വകാര്യ സ്ഥലത്താണ് നഴ്സറി നിർമ്മിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതി മാസ്റ്റർ സർക്കുലർ പ്രകാരം (ഖ.7.6.9), നഴ്സറി നിർമ്മാണം സ്വകാര്യ ഭൂമിയിൽ നിർവ്വഹിക്കാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ സർക്കാർ മാനദണ്ഡം പാലിച്ചുമാത്രം പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. എം-ബുക്ക് (നം.374) പേജ് 11 പ്രകാരം തൈകൾ തയ്യാറാക്കുന്നതിനായി വാങ്ങി സ്റ്റാക്ക് ചെയ്ത Polyurathene Bag-15Kg, Coirpith – 50kg, Cowdung 1.6m$^3$ എന്നിവയുടെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണ വേളയിൽ ഇൻവോയ്സ് ലഭ്യമാക്കി മാത്രം മെറ്റീരിയൽ വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4. സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ചെലവ് ഉൾപ്പെട്ടിട്ടില്ല. ഈ വിഷയത്തിലെ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി സിഐബി സ്ഥാപിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. അപാകതയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശം, 3 സ്റ്റേജ് ഫോട്ടോ എന്നിവ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം. 20/06.12.24-ന് മറുപടിയായി തൈകൾ പോളിത്തീൻ ബാഗിൽ തയ്യാറാക്കുന്നതിന്റെ ഫോട്ടോ, തൈകൾ വിതരണം ചെയ്യുന്നതിന്റെ ഫോട്ടോ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി സ്ഥലത്ത് നഴ്സറി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. തൊഴിലുറപ്പ് പദ്ധതി നിർദ്ദേശിക്കുന്ന പ്രകാരം (മാസ്റ്റർ സർക്കുലർ ഖ.7.12.5) 3 സ്റ്റേജിലെയും ഫോട്ടോ ഫയലിനൊപ്പം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

6. നഴ്സറിയിൽ തയ്യാറാക്കിയ തൈകളുടെ വിതരണ വിവരം തുടർ പരിപാലന വിവരം എന്നിവ ലഭ്യമല്ല. നഴ്സറിയിൽ തയ്യാറാക്കുന്ന തൈകൾ മാസ്റ്റർ സർക്കുലർ ഖ.7.6.14-ലെ നിർദ്ദേശങ്ങൾ പാലിച്ച് വിതരണം ചെയ്യുന്നതിനും തുടർ പരിപാലനം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
നഴ്സറി നിർമ്മാണം, പരിപാലനം എന്നിവ 29.05.18ലെ പി.എസ്2/288/2018/ത.സ്വ.ഭ.വ (1) നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണ്ടതിനും തുടർ വർഷങ്ങളിൽ പ്രോജക്ട് നിർവ്വഹണം മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിർവ്വഹിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-9-3 മഹാത്മ എസ്.എച്ച്.ജി.ക്കായി സ്വകാര്യ ഭൂമിയിലെ വർക്ക് ഷെഡ്

**<u>നിർമ്മാണം - കരാർ ചമച്ചില്ല / യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല – ചെലവ് തുക 3,65,742/- രൂപ തടസ്സം ചെയ്യുന്നു.</u>**

| | |
|---|---|
| പ്രോജക്ട് | വാർഡ്14- മഹാത്മ എസ്.എച്ച്.ജി.ക്കായി വർക്ക് ഷെഡ് |
| നം. | 1614008002/AV/284017 |
| എം.ബുക്ക് നം. | 165/2022-23 |
| എ.എസ്.<br>ടി.എസ് | 161400802/2022-23/280489 തീയതി. 11.01.2023<br>161400802/2022-23/280489 തീയതി. 11.01.2023 |
| എസ്റ്റിമേറ്റ് | 3,95,541 |
| ചെലവ് | 3,65,742 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

പേപ്പർ ബാഗ് നിർമ്മാണ ഗ്രൂപ്പായ മഹാത്മ എസ്.എച്ച്.ജി. ക്കു വേണ്ടി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വർക്ക് ഷെഡ് നിർമ്മിക്കുന്നതിന് 2022-23 വർഷം ആരംഭിച്ച് 2023-24 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വർക്ക് ഷെഡ് ഫോർ ഗ്രൂപ്പ്- മഹാത്മ – എന്ന പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.41/09.12.24)

1. 05.10.2022-ന് വാർഡ് 17-ലെ ശ്രീമതി. ശുഭയുടെ ഭവനത്തിൽ ചേർന്ന എസ്.എച്ച്.ജി. യോഗത്തിൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, വാർഡ് 14-ൽ ഉൾപ്പെട്ട ശ്രീമതി. തങ്കയുടെ (എസ്.എച്ച്.ജി.അംഗം) പേരിലുള്ള 16 സെന്റ് വസ്തുവിലാണ് മേൽ വർക്ക് ഷെഡ് നിർമ്മിച്ചിട്ടുള്ളത്. വസ്തു ഉടമ നൽകിയ സമ്മതപത്രം, ശ്രീമതി. തങ്കയുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല. പേപ്പർ ബാഗ് നിർമ്മാണത്തിനായി ടി കെട്ടിടം ഉപയോഗപ്പെടുത്തുമെന്ന് ഉറപ്പുനൽകുന്ന രീതിയിൽ, ഭൂമിയുടെ ഉടമ, എസ്.എച്ച്.ജി, പഞ്ചായത്ത് എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. ശ്രീമതി. തങ്ക ഉൾപ്പെടെയുള്ള ഗ്രൂപ്പിലെ അംഗങ്ങൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിന്റെ പകർപ്പ്, ഗ്രൂപ്പിലെ അംഗങ്ങൾ പഞ്ചായത്തിലെ ഗുണഭോക്താക്കളാണെന്നത് സാധൂകരിക്കുന്ന രേഖ (ഉദാ.

റേഷൻ കാർഡിന്റെ പകർപ്പ്), വരുമാനം സാധൂകരിക്കുന്ന രേഖ എന്നിവ ഫയലിൽ ലഭ്യമല്ല.

3. ഗ്രൂപ്പിന് ആനുകൂല്യം അനുവദിക്കുന്നതിന് വി.ഇ.ഒ. /ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ള പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4. ഫയൽ രേഖകൾ പ്രകാരം മഹാത്മ എസ്.എച്ച്.ജി. യുടെ രജിസ്ട്രേഷൻ കാലാവധി 31.03.2023-വരെയാണ്. രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

5. മസ്റ്റർ റോൾ പരിശോധിച്ചതിൽ, മഹാത്മ എസ്.എച്ച്.ജി.യുടെ വർക്ക് ഷെഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ ഗ്രൂപ്പ് അംഗങ്ങൾ (ശ്രീമതി ശുഭ, ശ്രീമതി സുനിത, ശ്രീമതി ബീന, ശ്രീമതി തങ്ക) ഉൾപ്പെട്ടിട്ടില്ല.

6. മസ്റ്റർ റോൾ പ്രകാരം 21.05.2024-ന് പണി പൂർത്തീകരിച്ചിട്ടുണ്ട്. 09.12.2024-ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ, വർക്ക് ഷെഡിൽ പേപ്പർ ബാഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

7. പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ടീമിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്ത് തലത്തിൽ കൈക്കൊണ്ടിട്ടുള്ള വിശദാംശങ്ങൾ ലഭ്യമല്ല. ഗ്രാമ പഞ്ചായത്തിലെ സംരംഭങ്ങളുടെ പ്രവർത്തനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും ബന്ധപ്പെട്ട ബ്ളോക്ക് പഞ്ചായത്തിനു കീഴിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടി കൈക്കൊള്ളേണ്ടതുണ്ട്.

8. 09.12.2024-ലെ വർക്ക് രജിസ്റ്റർ വിശദാംശം പ്രകാരം മെറ്റീരിയൽ ചെലവ് ഇനത്തിൽ 1,30,792/- രൂപ അനുവദിക്കാൻ ബാക്കി നിൽക്കുന്നു. തുക പൂർണ്ണമായും അനുവദിക്കുന്ന മുറയ്ക്ക് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

പദ്ധതിയിലെ അപാകതകളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/09.12.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഭൂമിയുടെ ഉടമയും, എസ്.എച്ച്.ജി. യൂണിറ്റും, പഞ്ചായത്തും, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച കരാറിൽ ഏർപ്പെട്ട് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. അതുവരെ ടി ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-9 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,518 | 20,09,065 | 20,16,583 | 20,10,513 | 6,070 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8,38,59,551 | 8,38,59,551 | 8,38,59,551 | 0 |
| **ആകെ** | **7,518** | **8,58,68,616** | **8,58,76,134** | **8,58,70,064** | **6,070** |

ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 70 രൂപയാണ്. അപാകം ഖണ്ഡിക 1-1-7 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2021-11.11.2021 | 1.1.2021 മുതൽ 31.7.2021 വരെ | 27.05.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | മാർച്ച് 2017 | 2011-12 മുതൽ 2015-16 വരെ | 28.08.2018 |

## 1-11-1 റേഷൻകടകൾക്ക് -ലൈസൻസ് നൽകിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് FTE &OS ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന്

ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള റേഷൻകടകളുടെ എണ്ണവും പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിനു നൽകിയ അന്വേഷണകുറിപ്പിന് (നം. 13/2023-'24, 04.12.2024) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിശദാംശം, അവയ്ക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-11-2 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർഫീസ് ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17, 18 പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്കാനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2023-'24 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ ചുവടെ നൽകിയിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| അപേക്ഷകരുടെ പേരും മേൽവിലാസവും | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (രൂപ) |
|---|---|---|---|---|
| സോമൻനായർ വി. ശാസ്തവട്ടം | JC2/1254/23 | ശബരി ഹോളോ ബ്രിക്സ് | 7 HP | 100 |
| വിക്രമൻ നായർ വിളയിൽ വീട് | JC2/844/23 | ശാർക്കരേശ്വരി ഫ്ലോർ മിൽ | 11 HP | 200 |
| സുജ കെ. | JC2/1385/23 | ആരതി ഹോളോ | 11 HP | 200 |

| | | | | |
|---|---|---|---|---|
| വർക്കല | | ബ്രിക്സ് | | |
| കവിത എസ്. . ചിറയൻകീഴ് | JC2/1140/23 | ശ്രീ വിജയ ഫ്ലോർ മിൽ | രേഖപ്പെടുത്തിയിട്ടില്ല | - |
| സന്ദീപ് എസ്. അഴൂർ | JC2/3168/23 | അഴൂർ ഭഗവതി ഇൻഡസ്ട്രീസ് | 3 HP | 50 |

മേൽ അപാകത്തിന് മറുപടി ലഭ്യമാക്കുന്നതിനു നൽകിയ അന്വേഷണകുറിപ്പിന് (നം. 12/2023-'24, 05.12.2024) മറുപടി ലഭ്യമാക്കിയില്ല. കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഈടാക്കി ആ വിവരം ഓഡിറ്റിനെ അറിയിച്ചു പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11-3 ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1068 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട്. ഹരിതമിത്രം ആപ്പ് പ്രകാരം 570 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടെ 202 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.
ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തില് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചപ്പോൾ ലൈസൻസ് രജിസ്റ്ററിൽ ഉൾപെട്ട സ്ഥാപനം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണമായി, വാർഡ് നം.1 പരിശോധിച്ചപ്പോൾ ചുവടെ നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപെട്ടിട്ടില്ല.

| വാർഡ് നമ്പർ/ | സ്ഥാപന പേര് | ഉടമ |
|---|---|---|

| കെട്ടിട നമ്പർ | | |
|---|---|---|
| I / 127 | നെസ്റ്റ് സർവീസ് പ്ലംബിംഗ് ഷോപ്പ് | ഷിഹാബ് എം.കെ. പെരുമാതുറ |
| I / 483 | AGK ഓട്ടോ ഇലക്ട്രിക്കൽസ് | ഷിബു ജി., അഴൂർ |
| I / 483 / B, C | അൽ ഹുദാ ടെക്സ്റ്റൈൽസ് | തൻസിയ, പെരുമാതുറ |
| I / 117 / A | എസ് ആർ സർവീസ് സ്റ്റേഷൻ മാടൻവിള | സുൽഫി, മാടൻവിള |
| I / 41 | ഷാഫി ടി ഷോപ്പ് | മുഹമ്മദ് ഷാഫി, മാടൻവിള |

വിശദാംശം ലഭ്യമാക്കാൻ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം. 13/2023-’24, 04.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.
മറുപടി ലഭ്യമാക്കി ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചു ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 FTE & OS ലൈസൻസ്

FTE & OS ലൈസൻസ് പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന

ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2023-'24വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 778 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം എബിസി നടത്തിയവ 125 ആയി കാണുന്നു. എന്നാൽ 2023-'24 സാമ്പത്തികവർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുള്ളത് 19 വളർത്തു നായകൾക്ക് മാത്രമാണ്. 2022-'23 സാമ്പത്തിക വർഷത്തിൽ 95 വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 06/2023-'24, 04.12.2024) മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്റർ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പരിപാലിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രി- രജിസ്ട്രേഷൻ നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പരിശോധനയുമായി ബന്ധപെട്ട് തണൽ ഡയാലിസിസ് സെന്ററർ & കിഡ്നി കെയർ, പ്രണവം ഡെന്ററൽ ക്ലിനിക് എന്നീ സ്ഥാപനങ്ങൾ 2023-24 സാമ്പത്തികവർഷം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.07/2023-'24, 04.12.2024) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ രജിസ്റ്ററിൽ ഡി.സി.ബി. എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുമില്ല.

മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിൽ ഡി.സി.ബി. എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-14 തനത് വരുമാന വർദ്ധനവ്

### 1) കുടിശ്ശിക രജിസ്റ്റർ പരിപാലനം

സാമ്പത്തിക മാനേജ്മെന്ററിന്ററെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022 ലെ

സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ഇല്ലായെങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04, 04.12.2024) മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാന കുടിശ്ശിക വ്യക്തമാക്കുന്ന രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

**2) നികുതി - നികുതിയേതര വരുമാനങ്ങളുടെ അവലോകനം**

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതിയിൽ, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04, 04.12.2024) മറുപടി ലഭ്യമാക്കിയില്ല.

**3) കുടിശ്ശിക നികുതി പിരിവ് പുരോഗതി**

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(കൈ) നം.124/2022/തസ്വഭവ തീ.15.06.2022 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ നികുതി നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഏതു തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04, 04.12.2024) മറുപടി

ലഭ്യമാക്കിയില്ല. വിഷയത്തിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**4) തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വിവിധ നികുതി വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Buildings(Current) | 67,273 |
| Receivables For Property Tax On Non-Residential Building(Current) | 18,789 |

സ.ഉ(കൈ)നം.179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നതിനാൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/04.12.2024) മറുപടി ലഭ്യമാക്കിയില്ല.

ഈ വിഷയത്തിൽ നികുതി പിരിവിന്റെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15-1 വസ്തു നികുതി പരിഷ്കരണം-അവലോകനം

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങളും ആയതിന് ലഭ്യമാക്കിയ മറുപടികളും ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 3/04.12.2024).

1. 28.04.2023 തീയതിയിലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ച വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്യുകയും പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ആക്ഷേപം ഉന്നയിക്കുന്നതിനുള്ള നോട്ടീസ് നൽകിയതിന് ശേഷം 21.07.2023ലെ തീരുമാനം 9(1) പ്രകാരം അന്തിമ വിജ്ഞാപനം ഇറക്കുകയും ചെയ്തിട്ടുണ്ട്.
2. വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ

31.03.2023 -നകം കെട്ടിട ഉടമകൾക്ക് വിതരണം ചെയ്യേണ്ടതാണ്. 18 വാർഡുകളിലും ഹരിതകർമ്മസേനാംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു.

3. കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള 6 പേരെ ഇന്റർവ്യൂ മുഖേന കണ്ടെത്തി വിവരശേഖരണം പൂർത്തിയാക്കുകയും വീടൊന്നിന് 15 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ടെന്നും സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യുന്ന മുറയ്ക്ക് മുഴുവൻ തുകയും അനുവദിക്കുന്നതാണെന്നും അറിയിച്ചു. ഡേറ്റാ എൻട്രി പൂർത്തീകരിച്ച് ഡിമാന്റ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-15-2 പരിഷ്കരിച്ച വസ്തു നികുതി നിരക്ക് ഈടാക്കിയില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023 ലെ സ.ഉ. (അച്ചടി) നം. 25/2023/തസ്വഭവ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും ഭരണസമിതിയുടെ 28.04.2023 ലെ 4(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023 ന് ശേഷം വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക്പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിൽ 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഉള്ള കെട്ടിടങ്ങൾക്ക് 55 രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആദ്യ രണ്ടു വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത

നിരക്കുകൾ ഈടാക്കിയിട്ടില്ല.

| വാർഡ് നം./ കെട്ടിട നം. | വിസ്തീർണം | ഉപയോഗം | ഈടാക്കിയ നിരക്ക് (രൂപ) | ഈടാക്കേണ്ട നിരക്ക് | Signed Date |
|---|---|---|---|---|---|
| **1/317A** | താഴത്തെ നില(86.02ച മീ), ഒന്നാം നില (8.03ച മീ) | പാർപ്പിടാവശ്യം | **5** | **6** | 06/05/2023 |
| **1/354D** | താഴത്തെ നില (9.88ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | **50** | **55** | 19/05/2023 |
| **1/354C** | താഴത്തെ നില (12.27ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | **50** | **55** | 19/05/2023 |
| **1/10B** | താഴത്തെ നില (68.76ച മീ), ഒന്നാം നില (55.94ച | പാർപ്പിടാവശ്യം | **5** | **6** | 05/09/2023 |

| | | | | | |
|---|---|---|---|---|---|
| | മീ) | | | | |
| **2/13A** | താഴത്തെ നില (95ച മീ), ഒന്നാം നില (43ച മീ) | പാർപ്പിടാവശ്യം | **5** | **6** | 12/06/2023 |
| **2/255A** | താഴത്തെ നില (17ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | **50** | **55** | 24/08/2023 |
| **2/255B** | താഴത്തെ നില (17ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | **50** | **55** | 24/08/2023 |
| **2/255C** | താഴത്തെ നില (17ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | **50** | **55** | 24/08/2023 |
| **2/255D** | താഴത്തെ നില (37ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള | **50** | **55** | 24/08/2023 |

| | | | | | |
|---|---|---|---|---|---|
| | | ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | | | |
| **2/406A** | താഴത്തെ നില (92.4ച മീ) | പാർപ്പിടാവശ്യം | **5** | **6** | 24/08/2023 |

അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.15/05.12.2024) ക്ക് പുതുതായി നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി ബോധ്യപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എല്ലാ വാർഡുകളും പരിശോധിച്ച് ഇപ്രകാരം പഴയ നിരക്കിൽ നികുതി നിർണയിച്ച കെട്ടിടങ്ങൾ കണ്ടെത്തി പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി പുനർനിർണയിച്ച് കുടിശ്ശിക ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-15-3 മൊബൈൽ ടവറിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്തില്ല

ചുവടെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ മേൽവിലാസം | വിസ്തീർണം | അസസ് ചെയ്ത നികുതി (ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|
| **4/386A** | ബിജു.റ്റി.നായർ, ഡെപ്യൂട്ടി മാനേജർ, ഇൻഡസ് ടവർ, പാലാരിവട്ടം, ഇടപ്പള്ളി | 53 | 33390 (Tax Year 2018 First Half) |

അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/05.12.2024 ന് പ്രസ്തുത ടവറിന്റെ ലൊക്കേഷൻ

കണ്ടെത്തി 2019 മുതലുള്ള നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15-4 വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി നികുതി ഈടാക്കുന്നു

Traders List പ്രകാരമുള്ള ചുവടെ പറയുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് സഞ്ചയയിൽ പാർപ്പിടാവശ്യം എന്നാണ് ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ളത്.

| കെട്ടിടനമ്പർ | സ്ഥാപനത്തിന്റെ പേര് | വിസ്തീർണം | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|
| 3/160 | എ ആർ ഫാൻസി & സ്റ്റേഷനറി | 55 | പാർപ്പിടാവശ്യം |
| 7/211 | ലൈഫ് റെസ്റ്റർ ഗാംസ് & ഇന്റീരിയേഴ്സ്, കാറ്റാടിമുക്ക് | 123.37 | പാർപ്പിടാവശ്യം |
| 8/317 | എസ് എസ് ബേക്കറി & പ്രൊവിഷൻ സ്റ്റോർ | 100 | പാർപ്പിടാവശ്യം |
| 8/332 | അക്ഷയകേന്ദ്രം | 77 | പാർപ്പിടാവശ്യം |

അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/05.12.2024 ന് പ്രസ്തുത കെട്ടിടങ്ങളുടെ ഒക്യുപെൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-15-5 വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും പ്രസ്തുത ആക്ടിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന്, 2011-ലെ കേരള പഞ്ചായത്ത്

രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.
സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ വിവരം മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം |
|---|---|---|
| 15/338 | 136 | പാർപ്പിടാവശ്യം |
| 15/442 | 119 | പാർപ്പിടാവശ്യം |
| 6/177B | 117.15 | പാർപ്പിടാവശ്യം |
| 14/186 | 125 | പാർപ്പിടാവശ്യം |
| 16/485 | 148.75 | പാർപ്പിടാവശ്യം |

2013 ൽ ടാക്സ് റിവിഷൻ ചെയ്തപ്പോൾ ARV സീറോ ആക്കി നൽകിയതുകൊണ്ടാണ് ടി കെട്ടിടങ്ങൾക്ക് ഡിമാന്റ് വരാതിരുന്നതെന്നും പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന അവസരത്തിൽ ARV നൽകി നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി 15/05.12.2024 ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വസ്തു നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16 മുൻ വർഷത്തെക്കാളും കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ എത്ര കടമുറികൾ ഉണ്ടെന്നും ഇവയിൽ വാടകയ്ക്കു നൽകാൻ കഴിയുന്നവ എത്ര എണ്ണമാണെന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.
പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന പെരുങ്കുഴി കൃഷ്ണപുരം മാർക്കറ്റിലെ രണ്ടാം നമ്പർ

കടമുറി 2022-'23 സാമ്പത്തിക വർഷത്തിൽ രാജകി എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയത് 8,104 (ജിഎസ്.ടി & ഡപ്പോസിറ് ഉൾപ്പെടെ 10,563/- രുപ) രൂപയ്ക്കാണ്. 2023-'24 സാമ്പത്തിക വർഷത്തിൽ അതേ കടമുറി അതേ വ്യക്തിക്ക് വാടകയ്ക്ക് നൽകിയപ്പോൾ 4,000 (ജിഎസ്.ടി & ഡപ്പോസിറ് ഉൾപ്പെടെ 5,720/-) രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം വാടകയ്ക്ക് നൽകിയതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (30/ 07.12.2024) മറുപടി ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വിവരം ലഭ്യമാക്കേണ്ടതും കൃഷ്ണപുരം മാർക്കറ്റിലെ രണ്ടാം നമ്പർ കടമുറി ഇപ്രകാരം വാടകയ്ക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ ആകെ അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ നികുതി ഈടാക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) 2023-24 തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1. കാർമൽ ഹോസ്പിറ്റൽ

2. തിരുവാതിര ഹോട്ടൽ
3. എ) ആർ ഹോട്ടൽ
4. എ) ആർ ഹോളോബ്രിക്സ്
5. ആരതി ഹോളോബ്രിക്സ്
6. രാജശ്രീ ടെക്സ്റ്റൈൽസ്

3) 2023-24 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള കാർത്തിക ക്ലിനിക്കൽ ലബോറട്ടറി എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) 2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, വ്യാപാരങ്ങളുടെ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|
| ITSEEPIXEL ECOPAINTZ | 5 |
| Door To Door Solutions Private Limited | 4 |

5) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 പ്രകാരം റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ)9-764/2019 -ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) ഹരിതമിത്രം ആപ്പ്, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന പാരാമെഡിക്കൽ/ഓഫീസ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

1. 14/264 Dental Clinic
2. 15/104b Pranavam Dental Clinic

3. 15/108 Sambans Nursing Home
4. 11/177 Bharathi Clay
5. 12/536 Gokulam Finance
6. 13/285 Chithra Finance
7. 14/235 Desheeya Hindi Academy

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 14/05.12.2024 ന് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും അതോടൊപ്പം മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ക്രമ നം. 1 ൽ സൂചിപ്പിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കു വരുത്തുവാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 തനത് ഫണ്ട് ചെലവ് - വിശദാംശം ലഭ്യമല്ല -ചെലവ് തുക (85,000/- )തടസ്സം ചെയ്യുന്നു

പഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.16 )

1.പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ – വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് 10,000/- തടസ്സം ചെയ്യുന്നു

2023-24 സാമ്പത്തിക വർഷം ചെക്ക്നം030510/11.03.24 പ്രകാരം (File No.669/24) പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് തനത് ഫണ്ടിൽ നിന്ന് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)-ക്ക് 10000/- രൂപ അനുവദിച്ചിട്ടുണ്ട്. 29.02.2024-ലെ സ.ഉ(സാധാ)483/24/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്ന തുകയുടെ വിനിയോഗസാക്ഷ്യപത്രം മെഡിക്കൽ ഓഫീസർ ലഭ്യമാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ ഓഡിറ്റ് എൻക്വയറി നം.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 10,000/- തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം മെഡിക്കൽ ഓഫീസറിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. തൊഴിലുറപ്പ് – എക്സ്ഗ്രേഷ്യ – വിശദാംശം ലഭ്യമല്ല – ചെലവ് തുക (75,000) – തടസ്സം ചെയ്യുന്നു.

ബിൽ രജിസ്റ്റർ പ്രകാരം ഐഎൽജിഎംഎസ് ഫയൽ നം.1790/23 പ്രകാരം തൊഴിലുറപ്പ് തൊഴിലാളി ശ്രീ.ശ്രീധരന് എക്സ്ഗ്രേഷ്യ തുക 75,000/- (ചെക്ക് നം.030714/30.03.24) അനുവദിച്ചതായി

രേഖപ്പെടുത്തിയിരിക്കുന്നു. ഐഎൽജിഎംഎസ് ഫയൽ പരിശോധിച്ചതിൽ ഫയൽ നം.1790/23 വാർധക്യകാല പെൻഷന് ശ്രീമതി.വിജയകുമാരി സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട വിശദാംശങ്ങളാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ശ്രീ.ശ്രീധരന് എക്സ്ഗ്രേഷ്യ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ ചെക്ക് പ്രകാരം തുക അനുവദിച്ചതായി കാണുന്നു. ചെലവ് വിശദാംശത്തിന്റെ അഭാവത്തിൽ മേൽ തുക (75,000) യുടെ ചെലവ് തടസ്സം ചെയ്യുന്നു. വിശദാംശം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. **ഫോട്ടോ കോപ്പിയർ – പരിപാലനം -വിശദാംശം ലഭ്യമല്ല**

(File No.52/24, 131/24) Sharp AT-300 -യുടെ Maintenance-ന് Gain Info System എന്ന സ്ഥാപനത്തിന് 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന തുക അനുവദിച്ചിട്ടുണ്ട്. Toner-12270/-, Mother Board-25772/-

മേൽ ഫോട്ടോകോപ്പിയറിന്റെ സ്റ്റോക്ക് / Purchase വിവരങ്ങൾ, എ.എം.സി. നിലവിലുണ്ടെങ്കിൽ വിശദാംശം, ഫോട്ടോകോപ്പിയറിന്റെ പരിപാലനത്തിന് Gain Info System- നെ തെരഞ്ഞെടുത്തതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 കറവപശു വളർത്തൽ (ജനറൽ)- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| പ്രോജ. നം. | പ്രോജ.നം.3/24-കറവപശു വളർത്തൽ വനിത (ജനറൽ) | | |
|---|---|---|---|
| ഫണ്ടിനം | വികസന ഫണ്ട് | മറ്റുള്ളവ | ആകെ |
| അടങ്കൽ | 14,10,000 | 14,10,000 | 28,20,000 |
| ചെലവ് | 9,00,000 | 0 | 9,00,000 |

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ കാലിവളർത്തലിൽ ഏർപ്പെട്ടിട്ടുള്ള 47 വനിത ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ പരമാവധി 60,000/- രൂപ വിലയുള്ള കറവപശുവിനെ വാങ്ങി നൽകുന്നതിനായി രൂപീകരിച്ച പദ്ധതിയിൽ 30

ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പർച്ചേസ് കമ്മിറ്റി രൂപീകരിച്ച വിശദാംശം പ്രോക്യുവർമെന്റ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പതിനാലാം സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായാണ് പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത്. ഇത്തരത്തിൽ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

3. ഗുണഭോക്താക്കൾക്ക് പശുവിനെ വളർത്തുന്നതിനായി തൊഴുത്ത് ലഭ്യമാണ് എന്നുള്ള വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെട്ടിട്ടില്ല. തൊഴുത്ത് ഉണ്ട് എന്നതിനെ സാധൂകരിക്കുന്ന മറ്റ് രേഖകൾ ഫയലിൽ ലഭ്യമല്ല. ഉദാ. ഗുണഭോക്താക്കൾ-ശ്രീമതി. നിസ, ശ്രീമതി. തങ്കമണി, ശ്രീമതി ആരിഫ ബീവി, ശ്രീമതി.സരസ്വതി, ശ്രീമതി. ഗീത, ശ്രീമതി.ബീന, ശ്രീമതി.ജിഷ സുബാർ, ശ്രീമതി ഐഷാ ബീവി, ശ്രീമതി. ബേബി ആർ, ശ്രീമതി. സുലോചന, ശ്രീമതി. ഷൈല, ശ്രീമതി.വിജയകുമാരി എന്നിവർക്ക് തൊഴുത്ത് ഉണ്ട് എന്നതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽ ഗുണഭോക്താക്കൾക്ക് തൊഴുത്ത് നിലവിൽ ഉണ്ടെങ്കിൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/7.12.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളിൽ മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത കൂടാതെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ലൈഫ് ഭവന പദ്ധതി -ജനറൽ-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല -തുടർനടപടികൾ സ്വീകരിക്കണം

| | | |
|---|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി -ജനറൽ | |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ2 | |
| പ്രോജക്ട് നമ്പർ | 133/24(സ്പിൽ | 65/24 |

| | | |
|---|---|---|
| | ഓവർ) | |
| അടങ്കൽ | 5600000/- സംസ്ഥാനാവിഷ്കൃത ഫണ്ട്-1500000 ബ്ളോക്ക് വിഹിതം-200000 ജില്ലാ പഞ്ചായത്ത്-600000 മറ്റുള്ളവ-3300000 | 37600000/-വികസനഫണ്ട് പൊതുവിഭാഗം-5360000 സംസ്ഥാനാവിഷ്കൃത ഫണ്ട്-8400000 ബ്ളോക്ക് വിഹിതം-3680000 ജില്ലാ പഞ്ചായത്ത്-1680000 മറ്റുള്ളവ-18480000 |
| ചെലവ് | 1260000/- | 4760000/- |

ലൈഫ് ഭവന പദ്ധതിയുടെ (ജനറൽ )അക്വിറ്റൻസ് രജിസ്ററർ പരിശോധിച്ചപ്പോൾ തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം ആദ്യ ഗഡു കൈപ്പറ്റി 6 മാസം കഴിഞ്ഞ 58 ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ബേബി വിളയിൽ പുത്തൻവീട് | 3.9.22 | 360000/- |
| 2 | അഭിലാഷ് കോരത്തല വീട് | 1.10.22 | 300000/- |
| 3 | സഫിയ ഹാരിസ് മൻസ്സിൽ | 1.10.22 | 360000/- |

| | | | |
|---|---|---|---|
| 4 | സിന്ധു വിജി വിലാസം | 1.10.22 | 250000/- |
| 5 | മാജിലത്ത് കല്ലുവിള വീട് | 17.2.23 | 300000/- |

ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ, കരാർ ചമച്ച് തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 38/07.12.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി കൈക്കൊള്ളേണ്ടതാണ്. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി -എസ് സി പി-നിർമ്മാണം പൂർത്തിയാക്കാത്തത് -തുടർനടപടികൾ സ്വീകരിക്കണം

| | | |
|---|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി -എസ് സി പി | |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ2 | |
| പ്രോജക്ട് നമ്പർ | 134/24(സ്പിൽ ഓവർ) | 66/24 |
| അടങ്കൽ | 2,13,40,000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-53,20,000<br>ബ്ളോക്ക് വിഹിതം-16,00,000<br>ജില്ലാ പഞ്ചായത്ത്-12,20,000<br>മറ്റുള്ളവ-1,32,00,000 | 3,70,00,000/-<br>വികസനഫണ്ട് എസ്.സി.പി-47,50,000<br>തനത് ഫണ്ട്-10,000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-1,68,00,000<br>ബ്ളോക്ക് വിഹിതം-36,80,000<br>ജില്ലാ പഞ്ചായത്ത്-16,80,000<br>മറ്റുള്ളവ-1,00,80,000 |

| | | |
|---|---|---|
| ചെലവ് | 53,40,000/- | 70,80,000/- |

ലൈഫ് ഭവന പദ്ധതിയുടെ (എസ്.സി.പി) അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം ആദ്യ ഗഡു കൈപ്പറ്റി 6 മാസം കഴിഞ്ഞ 60 ഗുണഭോക്താക്കൾ (2023 ഡിസംബർ മാസത്തിനുള്ളിൽ ആദ്യ ഗഡു കൈപ്പറ്റിയവർ) നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്യാമിനി. എസ്, പഴവിളവീട് | 1.3.21 | 40,000/- |
| 2 | സുജി, കായൽവരമ്പിൽ തിട്ടയിൽ വീട് | 2.6.22 | 40,000/- |
| 3 | സുമ, ചായക്കുടി വീട് | 14.6.22 | 2,00,000/- |
| 4 | നീതു, ചരുവിളവീട് | 14.6.22 | 2,00,000/- |
| 5 | സുലജ, കായൽവരമ്പ് വീട് | 16.7.22 | 3,00,000/- |

ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ കരാർ ചമച്ച് തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 39/09.12.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ലൈഫ് മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് തലത്തിൽ നടപടി കൈക്കൊള്ളേണ്ടതാണ്. വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 9,63,924/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 131/24 |
| അടങ്കൽ | 10,00,000/-<br>ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 9,53,466/- |
| ബിൽ നം | 110/3.10.23 |
| ഓഡിറ്റ് അന്വേഷണം | 22/07.12.24 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 29/24 |
| അടങ്കൽ | 1,50,000/- വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് | 10458/- |
| ബിൽ നം | 254/30.12.23 |
| ഓഡിറ്റ് അന്വേഷണം | 27/7.12.24 |

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി കെ എസ് ഇ ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 9,53,466/- രൂപയും വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 10,458/- രൂപയും കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

തുക ഡിപ്പോസിറ്റ് ചെയ്യുന്നതിനുമുമ്പ് കെ എസ് ഇ ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി മാർഗരേഖ സ.ഉ.(കൈ) 84/2022/ത.സ്വ.ഭ.വ തീ.19.4.22 ഖ 12.2(ഡി)ii പ്രകാരം ഡിപ്പോസിറ്റ് പ്രവർത്തികൾക്ക് കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന്

നിഷ്കർഷിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്നും നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ്യസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 9,63,924/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 വാട്ടർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പൂർത്തിയാകുന്നതിൽ കാലതാമസം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 1,34,54,502/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | കൊട്ടാരം തുരുത്ത് മയ്യത്ത് റോഡ് ഏരിയ വാട്ടർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 215/24 |
| അടങ്കൽ | 7,77,900/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 7,77,900/- |
| ബിൽ നം | 513/26.3.24 |

കൊട്ടാരം തുരുത്ത് മയ്യത്ത് റോഡ് ഏരിയ വാട്ടർ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായുള്ള പദ്ധതി.

വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരം 7,77,900/-രൂപ പ്രസ്തുത

പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്തു.

2)

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഞ്ചയം ഗാന്ധി സ്മാരകം ഏരിയ വാട്ടർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 129/24 |
| അടങ്കൽ | 1,28,22,000/- അർബൻ അഗ്ലോമറേഷൻ ഫണ്ട് |
| ചെലവ് | 1,26,76,602/- |
| ചെക്ക് നം. | 56,22,000/- 026409/12.9.23<br>70,54,602/- 027043/11.10.23 |

പ്രസ്തുത പദ്ധതിക്കായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 1,28,22,000/- രൂപ ലഭ്യമായിരുന്നു. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,26,76,602/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

മേൽ രണ്ടു പ്രവർത്തികളിലും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുമ്പ് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി മാർഗരേഖ സ.ഉ.(കൈ) 84/2022/ത.സ്വ.ഭ.വ തീ.19.4.22 ഖ 12.2(ഡി)ii പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്നും നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം -10/05.12.24ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതും പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ

ആയതിന്റെ വിവരവും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ പദ്ധതികൾക്കായി ചെലവാക്കിയ 1,34,54,502/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 നഗരസഞ്ചയം പദ്ധതി - മെറ്റീരിയൽ കമ്പോണന്റിന് അധികമായി നൽകിയ തുക ഓഡിറ്റ് അന്വേഷണത്തെതുടർന്ന് തിരികെ അടച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഞ്ചയം മെറ്റീരിയൽ കമ്പോണന്റ് ഫോർ കംപോസ്റ്റ് പിറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 132/24 |
| അടങ്കൽ | 5,00,000/- അർബൻ അഗ്ലോമറേഷൻ ഫണ്ട് |
| ചെലവ് | 3,63,623/- |
| ചെക്ക് നം | 030720/31.3.24 |

നഗരസഞ്ചയം പദ്ധതി പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും മെറ്റീരിയൽ കമ്പോണന്റ് ഫോർ കംപോസ്റ്റ് പിറ്റ് പദ്ധതിക്കായി 5 ലക്ഷം രൂപ ലഭ്യമായി. പ്രസ്തുത തുക ഉപയോഗിച്ച് പഞ്ചായത്തിലെ 11 സ്ഥാപനങ്ങളിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചിട്ടുണ്ട്.

കമ്പോസ്റ്റ് പിറ്റ് നിർമ്മാണം എന്ന പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖാന്തിരമാണ്. മെറ്റീരിയലുകളുടെ വില നഗരസഞ്ചയം പദ്ധതിയിൽ നിന്നും ചെലവഴിക്കുന്നതിനും, അവിദഗ്ധ-വിദഗ്ധ-അർദ്ധ വിദഗ്ധ വേതനവും ബോർഡിന്റെ തുകയും തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ചെലവഴിക്കുന്നതിനുമായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 6 എണ്ണത്തിന്റെ മെറ്റീരിയൽ തുക നൽകിയിയിരിക്കുന്നത് പ്രജോധനൻ. വി എന്നയാളിന്റെ അക്കൌണ്ടിലേക്കും (3,20,709/- രൂപ) 5 എണ്ണത്തിന്റെ മെറ്റീരിയൽ തുക നൽകിയിരിക്കുന്നത് അൽമദീന കുടുംബശ്രീ മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ് എന്ന സ്ഥാപനത്തിനുമാണ്. (42,914/- രൂപ).

Construction Of Compost Structure For Perunguzhi LPS (Work Code-1614008002/RS/375950) എന്ന പ്രവൃത്തിയിൽ

മെറ്റീരിയൽ സപ്ളൈ ചെയ്ത കരാറുകാരനായ പ്രജോധനൻ. വി എന്നയാൾക്ക് 58,225/- രൂപ പ്രോജക്ട് നം 132/24 പ്രകാരം സെക്രട്ടറി നൽകിയിട്ടുണ്ട്.എം ബുക്ക് പ്രകാരം (4165/22-23) 58,225/- രൂപയുടെ മെറ്റീരിയലാണ് സപ്ളൈ ചെയ്തിരിക്കുന്നത്.എന്നാൽ മെറ്റീരിയലുകളുടെ വിലയായി 41, 271.06/-രൂപ എം.ജി.എൻ.ആർ.ഇ.ജി.എസിൽ നിന്നും മേൽ കരാറുകാരന് വീണ്ടും നൽകിയിട്ടുണ്ട്. (വൗച്ചർ നം. 1614008-ML-19782, ബിൽ നമ്പർ 12637/24.04.2024). ഒരേ മെറ്റീരിയലിന് രണ്ടു പ്രാവശ്യം കരാറുകാരന് തുക നൽകിയിരിക്കുന്നു.

എം.ജി.എൻ.ആർ.ഇ.ജി.എസിൽ നിന്നും കരാറുകാരന് വീണ്ടും തുക നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനും അധികമായി നൽകിയ 41,271.06/- രൂപ തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം -22/06.12.24നെ തുടർന്ന് അധികമായി നൽകിയ 41,272/-രൂപ 7.12.24ലെ രസീത് നമ്പർ 1240201602/G010705 ആയി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 41,272/- രൂപ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൌണ്ടിലേക്ക് തിരികെ അടവാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എം.ജി.എൻ.ആർ.ഇ.ജി.എസിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികളുടെ മെറ്റീരിയലുകൾ വാങ്ങുന്നതിനായി മാത്രം പദ്ധതി രൂപീകരിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/05.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 1-25 പാഥേയം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 3,19,680/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| **പ്രോജക്ട് നം** | SO051/24 |
| **പ്രോജക്ടിന്റെ പേര്** | പാഥേയം |
| **നിർവഹണം** | അസിസ്റ്റന്റ് സെക്രട്ടറി |
| **അടങ്കൽ** | 7,99,200<br>(3,19,680 വികസന ഫണ്ട് + 4,79,520 ജില്ലാപഞ്ചായത്ത് |

| | |
|---|---|
| | വിഹിതം) |
| **ചെലവ്** | 3,19,680 |
| **ബിൽ നം** | 331/31.01.2024 |

തിരുവനന്തപുരം ജില്ലയെ സമ്പൂർണവിശപ്പുരഹിത ജില്ലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നിരാലംബർക്ക് ഭക്ഷവിതരണം നടപ്പാക്കുന്നതിനായി ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് പാഥേയം. പദ്ധതി പ്രകാരം 2023-24 വർഷത്തേയ്ക്ക് 56 ഗുണഭോക്താക്കൾക്കായി 3,19,680 രൂപയാണ് ജില്ലാ പഞ്ചായത്തിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (24/06.12.2024) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 3,19,680 രൂപ തടസപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതും കുടുംബശ്രീ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-26 അതിദാരിദ്ര്യ നിർമ്മാർജ്ജനം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| **പ്രോജക്ട് നം** | SO045/24 |
| **പ്രോജക്ടിന്റെ പേര്** | അതിദാരിദ്ര്യ നിർമ്മാർജ്ജനം - ഭക്ഷണം നൽകൽ |
| **നിർവഹണം** | അസിസ്റ്റന്റ് സെക്രട്ടറി |
| **അടങ്കൽ** | 1,00,000 (വികസന ഫണ്ട്) |
| **ചെലവ്** | 52,790 |

അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിയ അതിദാരിദ്ര്യ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ജനകീയ ഹോട്ടൽ, കുടംബശ്രീ എന്നിവ മുഖേന ഭക്ഷണം വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.146/2022/തസ്വഭവ തീ. 08.07.2022 പ്രകാരം തദ്ദേശ സ്ഥാപന ഭരണ സമിതി ഓരോ രണ്ട് വർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണമെന്നും പ്രസ്തുത സമിതി പദ്ധതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭകൾ, തദ്ദേശ സ്ഥാപനതല പൊതുവേദികൾ എന്നിവിടങ്ങളിൽ അവതരിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ സോഷ്യൽ ഓഡിറ്റ് സമിതി രൂപീകരിച്ചിട്ടില്ല.

2) സ.ഉ(കൈ)നം.146/2022/തസ്വഭവ തീ. 08.07.2022 പ്രകാരം പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി അധിക വിഭവ സമാഹരണം നടത്താവുന്നതാണ്. ഇതിനായി പ്രദേശത്ത് പ്രവർത്തിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകളുടെയും മറ്റ് ബാങ്കുകളുടെയും പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനകൾ, പ്രവാസി സംഘടനകൾ, സന്നദ്ധ സംഘടനകൾ, സന്മനസ്സുള്ള വ്യക്തികൾ തുടങ്ങിയവരുടെ യോഗങ്ങൾ തദ്ദേശ സ്ഥാപന തല കോർഡിനേഷൻ സമിതിയുടെ ഭാഗമായി ആവശ്യാനുസരണം വിളിച്ചു ചേർക്കേണ്ടതാണ്. കൂടാതെ അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സംഭാവനകൾ നിക്ഷേപിക്കുന്നതിനും വിനിയോഗിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോഡൽ ഓഫീസറുടെ ഒരു പ്രത്യേക അക്കൌണ്ട് തുറക്കാവുന്നതാണ് എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/06.12.2024) സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത മേൽ പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയിലൂടെ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി

ബന്ധപ്പെട്ട് ഹരിതകർമ്മസേന മുഖാന്തിരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻക്വയറി നമ്പർ 02/04.12.2024 ന് ലഭ്യമാക്കിയ മറുപടി)അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**<u>മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ</u>**

| | | |
|---|---|---|
| 1 | **പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം** | 18 |
| 2 | **ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം** | 37 |
| 3 | **പാഴ് വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം** | CKCL |
| 4 | **മിനി എം സി എഫ്** | 18 |
| 5 | **എം സി എഫ്** | 1 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 18വാർഡുകളിലായി ആകെ 37അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്.{(സ.ഉ(സാധാ)നം.2470/2017/തസ്വഭവ തീ.15.07.2017 പ്രകാരം രൂപീകൃതമായി).ഗ്രാമപഞ്ചായത്തിൽ 100 % വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവനം 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും 100 % വാതിൽപ്പടി ശേഖരണം പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.പല വീടുകളും അടഞ്ഞു കിടക്കുന്നതിനാൽ100 % വാതിൽപ്പടി ശേഖരണം എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കായി ഒരു പിക്കപ്പ് വാഹനം ഉപയോഗിക്കുന്നുണ്ട്. ഹരിതകർമ്മസേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിതകർമ്മസേനയുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നം.1496/2020/ത.സ.ഭ.വ തീ.12.08.2020, സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയും ഗ്രാമപഞ്ചായത്തും തമ്മിൽ നാളിതുവരെ കരാർ ചമച്ചിട്ടില്ല. കരാർ ചമയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഹരിതകർമ്മസേനയുമായുള്ള കരാർ ചമയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവു ചെലവു കണക്കുകൾ ചുമതലപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി കൃത്യമായ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

**<u>മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ</u>**

ഉല്പാദകരുടെ ഉത്തരവാദിത്വത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധ നടപടികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കി വരുന്നുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിലേയ്ക്കായി ബയോബിന്നുകൾ വീടുകളിൽ വിതരണം ചെയ്തിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഇവ തരംതിരിക്കുന്നതിനായി ബയോ കമ്പോസ്റ്റ് ബിന്നുകൾ നൽകിയിട്ടുണ്ട്. {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023}. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്</u>**

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 18 വാർഡുകളിലുമായി 18 മിനി എം.സി.എഫുകളാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ എം സി എഫ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.സ്വന്തമായി എം സി എഫ് സ്ഥാപിക്കന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എം.സി.എഫിൽ നിലവിൽ സോർട്ടിംഗ് ഏരിയ, സ്റ്റോറെജ് ഏരിയ, ടിപ്പിംഗ് ഏരിയ, മെഷീണറി ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല. ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. കൂടാതെ സോർട്ടിംഗ് ടേബിൾ കൺവെയർ ബെൽറ്റ് എന്നിവയും എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല. എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ, ഫയർസേഫ്ററി ഉപകരണങ്ങൾ, സ്റ്റോറേജ് ഫെസിലിറ്റി എന്നിവ ഉറപ്പാക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

**<u>മാലിന്യം ശേഖരണം, നീക്കം ചെയ്യൽ</u>**

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള

കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2023-24 വർഷം പ്രവർത്തനകലണ്ടർ തയ്യാറാക്കിയിട്ടില്ല. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 18521.58kg |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്‌വസ്തുക്കളുടെ അളവ് | 13561.58kg |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 4960kg |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 69,253/- |

ബന്ധപ്പെട്ട ഏജൻസി നിലവിൽ ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനി നിലവിൽ കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിൽ നടപ്പാക്കിയിട്ടില്ല. അങ്കണവാടികൾ, വീടുകൾ,പൊതു ഇടങ്ങൾ എന്നിവടങ്ങളിൽ ബയോകമ്പോസ്റ്റ് ബിന്നുകൾ, ലിറ്റർ ബിൻസ് മുതലായവ അമ്പതോളം ബിന്നുകൾ സ്ഥാപിക്കുന്നതിനായി 2023-24 വർഷം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തുമ്പൂർമൂഴി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. എം ജി എൻ ആർ ഇ ജി എസ് മുഖേന വീടുകളിൽ സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

**<u>ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ</u>**

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023, G.O. (Rt) No. 922/2023/LSGD, തീ. 26.04.2023, സ.ഉ. (സാധാ) നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല (16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD). ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസി (ഇമേജ്) മുഖാന്തിരമാണ് നിലവിൽ ശേഖരിച്ച് വരുന്നത്. എന്നാൽ നാപ്കിനുകൾ, സാനിട്ടറി പാഡുകൾ

എന്നിവ സംസ്കരിക്കുന്നതിനുള്ള സൌകര്യം ലഭ്യമല്ല. ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

**<u>പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ</u>**

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (26.04.2023 ലെ G.O. (Rt) No. 922/2023/LSGD). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇതിനായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. 2023-24 വർഷം മുതൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ബഹു ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)no.7844/2023(s)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ</u>**

ഹരിതകർമ്മസേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിതമിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. നിലവിൽ ഹരിത മിത്രം ആപ്പ് മുഖേന ഗ്രാമപഞ്ചായത്തിലെ 99% വീടുകളുടെയും/സ്ഥാപനങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തീകരിച്ച് കളക്ഷൻ ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. പൂട്ടിയിട്ട വീടുകളുടെ/സ്ഥാപനങ്ങളിൽ നിന്നും ഒഴികെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച വീടുകളുടെ/സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസ കളക്ഷൻ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിച്ച് ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കാന്നുണ്ട്. (07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD). ഹരിതകർമ്മസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 35,09,900/- |

| | |
|---|---|
| | രൂപ |
| ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | 0 |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 69,253/- |

മാലിന്യമുക്ത കേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ (07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD) ഭാഗമായി ശരാശരി 10,000 രൂപ മാസവരുമാനം പഞ്ചായത്തിലെ 6 ഹരിതകർമ്മസേന അംഗങ്ങൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. യൂസർഫീ നൽകാത്ത വീടുകൾക്ക് നോട്ടീസുകൾ നൽകിയും പ്ലാസ്റ്റിക്ക് സെഗ്രഗേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിച്ചും അംഗങ്ങൾക്ക് 10,000/- രൂപ വേതനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

**<u>മാലിന്യ ചട്ടങ്ങളുടെ ലംഘനം</u>**

2016 ലെ ഖരമാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി. സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വി.ഇ.ഒ മാർ, ശുചിത്വമിഷനൻ എന്നിവരടങ്ങിയ പ്രത്യേക വിജിലൻസ് സ്കാഡ് രൂപീകരിച്ചിട്ടുണ്ട്. (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം).

2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ നിന്നും പിഴ ഇനത്തിൽ ഈടാക്കിയിട്ടില്ല. മാലിന്യചട്ടങ്ങൾ ലംഘിച്ചവർക്കെതിരെ നോട്ടീസുകളും മുന്നറിയിപ്പ് കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 8 ബൾക്ക് വേസ്റ്റ് ജനറേറ്റർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്കാഡ് പരിശോധന കർശനമായി നടപ്പാക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയേണ്ടതുമാണ്.

**<u>ബോധവത്കരണം, പ്രചാരണം</u>**

മാലിന്യനിർമാജ്ജനത്തിനായി ബോധവത്കരണം നടത്തുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, റസിഡൻസ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ എന്നിവരുമായി ചേർന്ന് പദ്ധതികൾ രൂപീകരിച്ചിട്ടില്ല. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023). കൂടാതെ സ.ഉ(സാധാ)നം. 1200/2023/LSGD തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

<u>**മോണിറ്ററിംഗ്**</u>

പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പ്രകാരം {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} നടപ്പാക്കിയിട്ടില്ല. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് {സ.ഉ.(സാധാ) നം.2231/2023/LSGD തീ.12.11.2023 പ്രകാരം.} എല്ലാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ മോണിറ്ററിംഗ് നടത്താറുള്ളതായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

മാലിന്യത്തിന്റെ ബാഹുല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഹരിതകർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്താൻ സാധിക്കാത്തതും ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇത്തരം പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിലെ അജൈവ

മാലിന്യങ്ങൾ ഭൂരിപക്ഷവും ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

ഹരിതകർമ്മസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.

മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നൽകുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ബദൽ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫിൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

## 1-28 റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തിയാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗ്. തദ്ദേശസ്വയംഭരണ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.06.2023 ലെ DB3/753/2013/CE/LID&EW(partD) നം. കത്ത് പ്രകാരം 31.10.2023 ന് മുമ്പ് R Track Data Collection & Processing പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ 9.6.2024ലെ LSGD/PD/55564/2023-DB5നം

സർക്കുലർ പ്രകാരം 2024 ജൂൺ മാസം R Track മായി ബന്ധപ്പെട്ട നടപടികളെല്ലാം പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അഴൂർ ഗ്രാമപഞ്ചായത്തിലെ R Track Asset Digitilisation നടപടികൾ പൂർത്തിയാക്കി KSRECയുടെ ഓൺലൈൻ പ്ളാറ്റ് ഫോമിലേക്ക് ലഭ്യമാക്കിയിട്ടുള്ളതിന്റെ വിശദാംശം, പദ്ധതിയുടെ പുരോഗതി വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 32/07.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തിയാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 റോഡ് റെസ്റ്റൊറേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല.

റോഡ് റെസ്റ്റൊറേഷൻ ചാർജിനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് ലഭ്യമായ തുക, ലഭ്യമായ തീയതി, അക്കൗണ്ട് വിവരം, ലഭ്യമായ തുകയിൽ നാളിതുവരെ മെയിന്റനൻസ് വർക്കിനായി ഉപയോഗിച്ച തുകയുടെ വിശദാംശം, റെസ്റ്റൊറേഷൻ ചെയ്ത റോഡിന്റെ നീളം, വാട്ടർ അതോറിറ്റി ലഭ്യമാക്കിയ/ ജലജീവൻ മിഷൻ പദ്ധതി പ്രകാരം പണിപൂർത്തിയാക്കിയ റോഡുകളുടെ ലിസ്റ്റും പ്രസ്തുത ലിസ്റ്റിൽ നാളിതുവരെ റെസ്റ്റോർ ചെയ്ത റോഡുകളുടെ വിശദാംശം, റെസ്റ്റോർ ചെയ്യാൻ അവശേഷിക്കുന്ന റോഡിന്റെ വിവരം, റോഡ് റെസ്റ്റൊറേഷൻ ആയി അല്ലാതെ മറ്റ് പ്രവൃത്തികൾക്കായി ഈ തുക ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/07.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
റോഡ് റെസ്റ്റൊറേഷൻ വിശദാംശങ്ങളും റോഡ് റെസ്റ്റൊറേഷൻ ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

## 1-30 ഇൻഷുറൻസ് പോളിസി ഇല്ലാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൻമേൽ കരാറുകാരൻ രണ്ട് ലക്ഷംരൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെ കവറേജ് കിട്ടുന്ന ഇൻഷുറൻസ് പോളിസി എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇൻഷുറൻസ് പോളിസി ഇല്ലാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാർ തുകയുടെ 0.2 ശതമാനം കുറവ് ചെയ്യേണ്ടതായുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഇൻഷുറൻസ് പോളിസി ഇല്ലാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവർത്തിയുടെ പേര്/നമ്പർ | കോൺട്രാക്ടർ | കോൺട്രാക്ട് തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 01 | 142/24-പെരുങ്ങുഴി ഗവ.എൽ.പി.എസ് മെയിന്റനൻസ് | പ്രജോധനൻ | 591874/-രൂപ | 1184/-രൂപ |
| 02 | 119/24 -മിനി കുടിവെള്ള പദ്ധതി | സുരേഷ്ബാബു.എസ് | 561269/-രൂപ | 1123/-രൂപ |
| 03 | 181/24-കാവിന്റെമുല- പള്ളിവിളാകം റോഡ് നവീകരണം. | ശശീന്ദ്രൻ നായർ | 625524/-രൂപ | 1251/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/07.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇൻഷുറൻസ് പോളിസി ഇല്ലാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഫൈനായി ഈടാക്കേണ്ട 3558/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പ്രവൃത്തി പൂർത്തീകരണം - വൈകിയ കാലയളവിന്റെ പിഴ - തുക ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2112 പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള അപേക്ഷ നൽകിയതായി കാണുന്നില്ല. ദീർഘീകരണത്തിന് അപേക്ഷ നൽകാതെ പ്രവൃത്തി പൂർത്തീകരണം വൈകിയ കാലയളവിന് ആദ്യത്തെ മാസത്തിന് PAC യുടെ 1% തുകയും തുടർന്നുള്ള മാസങ്ങൾക്ക് 2% തുകയും പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തിയിൽ പൂർത്തീകരണം

വൈകിയതിൽ  പിഴ തുക ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്/നമ്പർ | കോൺട്രാക്ടർ | കോൺട്രാക്ട് തുക | അനുവദിച്ച കാലയളവ് | പൂർത്തീകരിച്ചത് | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|---|
| 01 | 142/24 പെരുങ്ങുഴി ഗവ.എൽ.പി.എസ് മെയിന്റനൻസ് | പ്രജോധനൻ | 591874/- | 2മാസം- 17.03.22 മുതൽ 16.05.22 വരെ | 24.03.2023 ,10 മാസവും 8 ദിവസവും | 17.05.2022 മുതൽ 16.06.2022 വരെ 1%= 5919രൂപ 17.06.2022 മുതൽ 24.03.2023 വരെ 2%= 109694 രൂപ ആകെ 115613രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/07.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണം വൈകിയ കാലയളവിന്റെ പിഴ തുക 115613/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ  നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ  16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | **920** | 25,500 | 06/24 കേദാരം നെൽകൃഷി | 25,500 | **920** |
| | | 16,80,000 | 66/24 ലൈഫ് മിഷൻ -2020 എസ്.സി | 16,80,000 | |
| | | 2,00,000 | 133/24 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ 2022-23 | 2,00,000 | |
| | | 16,00,000 | 134/24 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി.പി | 16,00,000 | |

| | | | | | |
|---|---|---|---|---|---|
| | | | 2022-23 | | |
| | | 15,80,000 | 65/24 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ 2023-24 | 15,80,000 | |
| | | 2,35,125 | 17/24 സ്നേഹസ്പർശം | 2,35,125 | |
| | | 1,01,023 | 36/24 അഴൂർ കോളിച്ചിറ പകൽവീട് | 1,01,023 | |
| | | 3,02,002 | 1/24 ക്ഷീരസമൃദ്ധി | 3,02,002 | |
| **ആകെ** | **920** | **57,23,650** | **-** | **57,23,650** | **920** |
| **ജില്ലാ പഞ്ചായത്ത്** | **43,200** | 2,28,000 | 17/24 സ്നേഹസ്പർശം | 2,28,000 | **43,200** |
| | | 52,050 | 1/24 ക്ഷീരസമൃദ്ധി | 52,050 | |
| **ആകെ** | **43,200** | **2,80,050** | **-** | **2,80,050** | **43,200** |
| **മുനിസിപ്പൽ കോർപ്പറേഷൻ** | **36,50,295** | **1,36,22,000** | 136/24 മെറ്റീരിയൽ കംപോണന്റ് ഫോർ കംപോസ്റ്റ് പിറ്റ് | 3,63,623 | **37,37,070** |
| | | | 129/24 ഗാന്ധി സ്മാരകം പൈപ്പലൈൻ ദീർഘിപ്പിക്കൽ | 1,26,76,602 | |
| | | | 191/24 ലിറ്റർ ബിൻസ് അറ്റ് | 4,95,000 | |

| | | | | |
|---|---|---|---|---|
| | | | കൊമേഴ്സ്യൽ ഏര്യാസ് | |
| | **36,50,295** | **1,36,22,000** | **-** | **1,35,35,225** |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | 2023-24 | | ആകെ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ലഭിച്ചത് | ബാക്കി തുക |
|---|---|---|---|---|---|---|
| | | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | | | |
| **കേരള വാട്ടർ അതോറിറ്റി** | **0** | 215/24 കൊട്ടാരംതുരുത്ത് പൈപ്പലൈൻ ദീർഘിപ്പിക്കൽ | 7,77,900 | **1,34,54,502** | **-** | **1,34,54,502** |
| | | 129/24 ഗാന്ധി സ്മാരകം പൈപ്പലൈൻ ദീർഘിപ്പിക്കൽ | 1,26,76,602 | | | |
| **കെ.എസ്.ഇ.ബി** | **10,58,382** | 29/24 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 10,458 | **20,22,306** | **-** | **20,22,306** |
| | | 131/24 വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | 953466 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ

| വായ്പ വിവരം | ഉത്തരവ്/നമ്പർ /തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| **HUDCO** | സ.ഉ.(കൈ)68/2018/ തസ്വഭവ, തീ.18.05.2018 | 34456953 | 7480000 | 41936953 | 4099048 | 37837905 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| ബാങ്ക് | FD നമ്പർ | കാലാവധി | പലിശ നിരക്ക് | തുക |
|---|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 1057521 (അക്കൗണ്ട് നം.40390142000047 | 10.06.2023 മുതൽ 09.06.2024 വരെ | 5.50% | 7,84,252 |

ബാലൻസ് ഷീറ്റിൽ Investment- Fixed Deposits ഹെഡിൽ ഉൾപ്പെട്ട തുക 8,68,559/- രൂപയാണ്.

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 18076275 |
| വരവ് | 61536863 |
| ആകെ | 79613138 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52537584 |
| നീക്കിയിരിപ്പ് | 27075554 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **1,51,88,848** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും |
|---|---|---|
| 1-9-3 | 3,65,742 | ശ്രീ. അൻസർ .എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 85,000 | ശ്രീമതി. അജില .യു, സെക്രട്ടറി |
| 1-22 | 9,63,924 | ശ്രീമതി. അജില .യു, സെക്രട്ടറി |
| 1-23 | 1,34,54,502 | ശ്രീമതി. അജില .യു, സെക്രട്ടറി |
| 1-25 | 3,19,680 | ശ്രീ. അൻസർ .എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **1,51,88,848** | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. അൻസർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി, അഴൂർ ഗ്രാമപഞ്ചായത്ത് | പ്ളസന്റ്, ചാന്നാങ്കര പി.ഒ, കണിയാപുരം |

| | | | |
|---|---|---|---|
| 2 | ശ്രീമതി. അജില യു. | സെക്രട്ടറി, അഴൂർ ഗ്രാമപഞ്ചായത്ത് | അറഫ, അയ്യൻകോയിക്കൽ ലൈൻ, ചേങ്കോട്ടുകോണം, ചെമ്പഴന്തി പി.ഒ. |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 16 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 03.10.2022 | 13 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1677/2022 തീയതി 25.11.2021 | 30 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/600/2022 തീയതി 12.08.2024 | 18 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/431/2023 തീയതി 29.03.2023 | 33 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1321/2023 തീയതി 16.03.2024 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 6(1) dated 23-05-2024 and submitted on 26-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Azhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Azhoor Grama Panchayat as on 31-03-2024

**Date: 24/12/2024** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Azhoor Grama Panchayat for the Year 2023-2024.

## 1.Major Observations

NIL

## 2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. According to the balance sheet, the stock value of previous years (132098) has been included in this year as well. The Stock in hand (inventories) has not been updated and included in the Balance Sheet B-14 Schedule of the annual financial statement.

3) In the Cash Flow Statement, the amount "Net Cash Generated -Grand Total" (3,10,85,093/-) does not match the amount "Net Increase / (Decrease) In Cash and Cash Equivalents" (89,99,279/-).

4) The balance sheet Schedule (B-1), which determined the Financial Position (panchayat General fund) of the Grama panchayath, has not been made available along with the annual accounts.

5) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income to be approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income, the demand entry was recorded only at the end of the financial year 2023-24.

6) No provision has been recorded in Schedule B-9 of the Balance Sheet for outstanding expenditure which may not be met within the financial year 2023-24. Only the salary of Grama Panchayat employees is included.

7) MGNREGS Fund balance amount as per corresponding ledger is not matching with bank book balance. Details are given below.

| Item | OB | Receipts | Total | Expenditure | Actual balance | Bank book balance |
|---|---|---|---|---|---|---|
| MGNREGA Administrative expense | 7518 | 2009065 | 2016583 | 2010513 | 6070 | 70 |

8) As per Kerala Grameen Bank FD No.1057521 (Account No.40390142000047) the Gram Panchayat's fixed deposit is Rs.7,84,252. But in the balance sheet, the amount shown under Investment-Fixed deposits head is Rs. 8,68,559/-.

9) Although the Accumulated Depreciation for various heads of assets is recorded in Schedule B-11 (a) of the Balance Sheet, it is not clear to which asset the depreciation on those heads belongs to. Also Depreciation has not been calculated in the year 2023-24 for the following items.

| Head code | Item |
|---|---|
| 416100102 | Accumulated Depreciation - Roads and Bridges |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation- Plant and Machinery |

| | |
|---|---|
| 416100110 | Accumulated Depreciation - Other Fixed Assets |

10) The bank account KGB OWN FUND UPI-511 -40390111000511 information included in the ILGMS Reconciliation Statement is not included in the Annual Financial Statement. Also the following bank account statement/passbook/reconciliation statement has not been produced for verification.

| Head code | Account | Amount |
|---|---|---|
| 450240128 | SBI- (41616884305) | 20,850.00 |

11) When calculating the gross surplus/(deficit) of income over expenditure after prior period items in the Income & Expenditure Statement Abstract Report, the net difference between the prior period income and expenditure amount is shown as 2,39,882/- instead of -ve 2,39,882/-. Therefore, a deficit amount of Rs. 4,79,764/- has been recorded in the gross surplus of income over expenditure for the year 2023-24.

12) Monthly reconciliation of various bank accounts has not been done. Also, the amount of credit balance is recorded in different bank books at different periods.

13) The balance of various specific grant in the Annual Financial Statement (Schedule B-4) for the year 2023-24 is Rs. 2,74,49,683/-. However the total cash and bank balance is only Rs. 2,70,75,554/-.

14) The Advance Receipts of property tax received during the year 2022-23 have not been adjusted to the corresponding income heads for the year 2023-24.

15) The expenditure for creation of assets using MGNREGS funds are recorded in the revenue head. Heads have been allocated in the Balance Sheet B-3 schedule to record the capital contribution of each of the funds such as Development Fund, Finance Commission Grant, Maintenance Grant, etc. However, the expenditure amount is included in the general head of the head code 312109901-Capital Contribution.

16) Deposit registers containing details of deposit works and various Deposit receipts have not been updated and presented for inspection.

17) The various receipts in the grama panchayat are not recorded under their respective heads. Example Fees received for Development Permit is recorded in the head code -OTHER FEES.

18) Rs. 23,992/- spent from the own fund for asset creation under the project No. 192/24 (purchase of microphone set and related equipment for Govt schools) has been accounted in the revenue head.

19) Closing balance of CFC fund recorded in the Annual Financial Statement and in the Bank Book do not match with each other.

20) The opening and closing balance of head code 431910201-- Out door collection control account in general ledger trial balance for the year 2023-24 were shown -ve 878. But, these amounts are not reflected in the balance sheets of 2022-23 and 2023-24.

21) Rs. 76,001/- has been recorded under the head code -350800101 liability in respect of stale cheque. But the fund and cheque details are not recorded in the ledger.

22) The Demand, collection and balance amounts in the annual financial statements of property tax on residential and non-residential buildings do not match with the Sanchaya software DCB report.

23) According to the annual financial statement for the year 2022-23, Rs. 67,880/- remained to be collected under receivable towards market receipts (current). But this year the said amount has been excluded from the arrears by erroneously including it in the prior period income head.

24) Rs. 24,000/- has been paid in advance to Kerala Water Authority as per payment order 62340021200450/08.09.2023

for providing water connection in Take a Break toilet complex. The said amount is not included in the deposit head in the balance sheet.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്